പോലീസ് ഉടനെ തന്നെ കേസ് രജിസ്റ്റർചെയ്തു എന്നുമാത്രമല്ല, പ്രതികളെ മുഴുവൻ അറസ്റ്റുചെയ്യുകയും ചെയ്തു. ആ പ്രദേശം മുഴുവൻ നിയന്ത്രണാധീനമാക്കിയിട്ടുണ്ട്. പക്ഷേ ലാ ആൻറ് ഓർഡർ പരിപാലിക്കാൻ ബഹുമാനപ്പെട്ട മാർക്സിസ്റ്റു പാർട്ടിയും കൂടി സഹകരിക്കണം. രാഷ്ട്രീയ കക്ഷികൾ തമ്മിൽ വാശിയും വൈരാഗ്യവും ഉണ്ടാകാം. നിയമസമാധാനത്തെ ഭംഗപ്പെടുത്തുന്ന നിലയിലേക്ക് അനാരോഗ്യകരമായ മൽസരം രാഷ്ട്രീയ കക്ഷികൾ കൊണ്ടുപോകരുത് എന്ന് എല്ലാവരോടും എനിക്ക് അഭ്യർത്ഥിക്കാനുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ സംഭവം നടക്കുന്ന സമയത്തോ രണ്ടുമാസത്തിനിടയ്ക്കോ യാതൊരു സംഘർഷവും അവിടെ ഉണ്ടായിട്ടില്ല. മനഃപൂർവ്വം ഒരാളെ വെട്ടിക്കൊലപ്പെടുത്തുകയാണ് ചെയ്തത്. അതിന് രാഷ്ട്രീയ സംഘർഷവുമായി ബന്ധപ്പെടുത്തേണ്ട കാര്യം എന്താണുള്ളത്? അതുകൊണ്ടാണ് ചർച്ചചെയ്യണമെന്ന് പറയുന്നത്. തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രസ്താവന നടത്തുന്നത് ശരിയല്ല. യാതൊരു സംഭവവുമുണ്ടാകാതെ പട്ടാപ്പകൽ നടന്നുപോകുന്ന ആളെ വളഞ്ഞുനിർത്തി പത്തൻപതു വെട്ടുവെട്ടി കൊലചെയ്തു എന്നുള്ളത് ഈ രാജ്യത്ത് ഇപ്പോഴും നടക്കാവുന്ന ഒരു സംഗതിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എന്താണ് പറയാനുള്ളത്? തൻറെ പാർട്ടിയിൽപെട്ട ആളുകൾ ഈ രീതിൽ നടത്തുന്നത് ശരിയാണെന്നാണോ അഭിപ്രായം? അങ്ങനെയാണെങ്കിൽ അദ്ദേഹം അതു പറയണം. നാല് പോലീസുകാർ സ്ഥിരം കാവലുണ്ട്; ഇല്ലെന്നു പറഞ്ഞിട്ട് എന്താണ് കാര്യം?

മി. സ്പീക്കർ: ആർഡർ, ആർഡർ. കുറ്റക്കാരെന്നു സംശയിക്കപ്പെടുന്ന ആളുകളെ ഇതിനകം തന്നെ അറസ്റ്റുചെയ്യുകയും ആവശ്യമായ എല്ലാ സത്വര നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) ഹൗസിംഗ് ബോർഡ് വട്ടിയൂർക്കാവിൽ സ്ഥലം അക്വയർ ചെയ്തതിനെ സംബന്ധിച്ച്

ശ്രീ. വട്ടിയൂർക്കാവ് രവി: സർ, ഹൗസിംഗ് ബോർഡിൻറെ പ്രവർത്തനംകൊണ്ട്, വീടില്ലാത്തവർക്ക് താമസസൗകര്യം ഉണ്ടാക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. എന്നാൽ ഹൗസിംഗ് ബോർഡിൻറെ ഇതുവരെയുള്ള പ്രവർത്തനം നമ്മുടെ രാജ്യത്ത് ഉദ്യോഗസ്ഥൻമാർക്ക് മാത്രമാണ് കൂടുതൽ പ്രയോജനമുണ്ടാക്കിയിട്ടുള്ളത്. അതിലും സന്തോഷം ഇല്ലാതെയില്ല. വാടക വീടുകളിൽ താമസിക്കുന്ന ആളുകൾക്ക് സ്ഥിരമായി ജോലിസ്ഥലങ്ങളിൽ വീടുണ്ടാകുന്നതിൽ എനിക്ക് സന്തോഷമുണ്ട്. പക്ഷേ ഇവിടെ തിരുവനന്തപുരം താലൂക്കിൽ അഞ്ചോമട വില്ലേജ് അതിർത്തിയിൽപ്പെട്ട വട്ടിയൂർക്കാവ് അറപ്പുര ജംഗ്ഷനുസമീപം നൂറിലധികം കുടുംബങ്ങളെ ഒഴിപ്പിച്ചുകൊണ്ട് ഹൗസിംഗ് ബോർഡ് ഒരു സ്കീം തയ്യാറാക്കാൻ പോകുന്നതിൽ അവിടത്തെ താമസക്കാരായ മുഴുവൻ ആളുകൾക്കും ഉത്കണ്ഠയുണ്ട്. പാരമ്പര്യമായി, വളരെക്കാലമായി താമസിച്ചുവരുന്ന ആളുകളാണ് അവിടെയുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് ഹൗസിംഗ് ബോർഡ് ആ പ്രദേശത്ത് സ്ഥലമെടുക്കാൻ തീരുമാനിച്ചിരിക്കുന്നിടത്തെ വീട്ടുകാരിൽ അധികംപേരും ഹരിജനങ്ങളാണ്. ഹരിജനങ്ങളും കൂടുതൽ താമസിക്കുന്ന ഒരു സ്ഥലം എന്ന നിലയിൽ ഹരിജനങ്ങളെ ഒഴിപ്പിക്കുന്നതിൽ കൂടുതൽ വിഷമതികളും ഉണ്ടാകുകയില്ലെന്നുള്ള ധാരണയിലായിരിക്കണം ഹൗസിംഗ് ബോർഡ് ഇത്തരം നിന്ദ്യവും ക്രൂരവുമായ ഒരു നടപടിക്ക് മുതിർന്നത്. ഹരിജനങ്ങളാണ് താമസിക്കുന്നതെങ്കിലും ജോലിചെയ്തു കഷ്ടപ്പെട്ട് സാമാന്യം ഭേദപ്പെട്ട വീടുവച്ച് കുടുംബങ്ങളായി താമസിക്കുകയാണ്. ഈ പ്രദേശത്തുതന്നെ ഹൗസിംഗ് ബോർഡിന്റെ സ്കീമിനുപുറത്തായി, അധികം ഏക്കറുള്ള സാമ്പത്തികശേഷിയുള്ളവരുടെ വസ്തുക്കളും ഉണ്ട്. വീടുകളില്ലാത്ത സ്ഥലം അവിടെയുണ്ട്. രണ്ടാമട പകുതി സർവ്വേ 2469.ൽ വീടില്ലാത്ത 700 ഓളം ഏക്കർ സ്ഥലമുണ്ട്. സർവ്വേ 781, 782, 820, 829 ഈ നമ്പരുകളിലും ധാരാളം സ്ഥലമുണ്ട്. ഇന്ന് ഹൗസിംഗ് ബോർഡ് എടുക്കാൻ തീരുമാനിച്ചിരിക്കുന്ന സ്ഥലത്തിന്റെ തൊട്ടടുത്തുതന്നെ അഞ്ചാമട വില്ലേജിൽ 2655, 2656, 2657, 2659, 2739 എന്നീ നമ്പരുകളിൽ എത്ര ഏക്കർ സ്ഥലം വേണമെങ്കിലും ഹൗസിംഗ് ബോർഡിന് എടുക്കാൻ കഴിയും. അതെല്ലാം വലിയ സാമ്പത്തികശേഷിയുള്ളവരുടെ സ്ഥലങ്ങളാണ്. അതു തൊട്ടാൽ ബുദ്ധിമുട്ടുണ്ടാകും. അല്ലെങ്കിൽ അങ്ങനെയുള്ള ആളുകളെ സ്വാധീനിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ് ഈ പാവപ്പെട്ട നൂറു കുടുംബങ്ങളെ ഒഴിപ്പിക്കാൻ ശ്രമിക്കുന്നത്. ഈ നടപടിയിൽനിന്ന് എന്നെന്നേക്കുമായി ഹൗസിംഗ് ബോർഡിനെ പിൻതിരിപ്പിക്കാൻ വകുപ്പുമന്ത്രിയും ഗവൺമെന്റും തയ്യാറാകണമെന്നും അവിടെ താമസിക്കുന്നവരുടെ ഉത്കണ്ഠ അവസാനിപ്പിക്കാൻ സത്വരമായ നടപടി സ്വീകരിക്കണമെന്നും ഞാൻ ഈ സന്ദർഭത്തിൽ ശക്തിയായി ആവശ്യപ്പെടുന്നു.

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച ആശങ്കയൊന്നും അക്കാര്യത്തിൽ ഉണ്ടാകേണ്ട കാര്യമില്ല. 17-2-78-ൽ ആണ് ഹൗസിംഗ് ബോർഡ് ഒരു തീരുമാനമെടുത്തത്. തീരുമാനമെടുത്തത് ഈ സ്ഥലത്തൊരു ഭവനനിർമ്മാണ പദ്ധതിയ്ക്ക് രൂപംകൊടുക്കണമെന്നാണ്. ഈ സ്ഥലം ഇതിനുമുമ്പുതന്നെ ടൗൺ പ്ലാനിംഗ് പദ്ധതി പ്രകാരം ഒരു ഹൗസിംഗ് ഏരിയാ ആയി നീക്കിവച്ചിട്ടുള്ളതുമാണ്. ആ സ്ഥലത്ത് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ജനങ്ങളും തിങ്ങിപ്പാർക്കുന്ന സ്ഥലത്തുനിന്നും അവരെ ഒഴിപ്പിച്ചു ഒരു ഭവനനിർമ്മാണ പദ്ധതിയും ഉണ്ടാക്കാൻ ഹൗസിംഗ് ബോർഡ് തീരുമാനിച്ചിട്ടില്ല. തരിശായി കിടക്കുന്ന സ്ഥലങ്ങളും എടുക്കാനാണു തീരുമാനിച്ചിട്ടുള്ളത്. തീരുമാനം ശരിയല്ലാതെ വന്നാൽത്തന്നെയും ഈ ആക്ഷേപങ്ങളൊക്കെ ബോധിപ്പിക്കാനുള്ള സൗകര്യം ഹൗസിംഗ് ബോർഡ് കൊടുക്കുന്നുണ്ട്. നിയമപ്രകാരം തന്നെ 50, 51 വകുപ്പുകളനുസരിച്ച് പരസ്യപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആക്ഷേപങ്ങളും ലഭിച്ചാൽ അത് കേൾക്കുകയും ചെയ്തു അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂ. ഇപ്പോഴും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നോട്ടിഫിക്കേഷൻവരെ കൊടുത്തിട്ടില്ല. പത്രത്തിൽ പരസ്യം ചെയ്തിട്ടില്ല. ഇപ്പോഴേ പല ആക്ഷേപങ്ങളും വന്നിട്ടുണ്ട്. ആ ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ വേണ്ടത്ര അന്വേഷണം നടത്തിയിട്ടുമാത്രമേ ഭവനനിർമ്മാണപദ്ധതി ആവിഷ്കരിക്കുകയുള്ളൂ. ആർക്കും ബുദ്ധിമുട്ട് വരുത്താനല്ല ഭവനനിർമ്മാണപദ്ധതി ഉണ്ടാക്കുന്നത്. നേരേമറിച്ച് ദുർബലവിഭാഗ

LIBRARY ARCHIVES Kerala Legislative Assembly

ക്കാർക്കും കുറഞ്ഞ വരുമാനക്കാർക്കും വേണ്ടിയാണ് ഇത് ഉദ്ദേശിച്ചിട്ടുള്ളത്. അവരുടെ സൗകര്യത്തിനുവേണ്ടി ചെയ്യുമ്പോൾ മറ്റുള്ളവർക്ക് അസൗകര്യമുണ്ടാകാതിരിക്കാൻ എല്ലാ ഏർപ്പാടുകളും ചെയ്യുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുകൊടുക്കാൻ ഞാൻ തയ്യാറാണ്. ഇവരുടെ ആക്ഷേപങ്ങൾ എന്താണെന്നുവച്ചാൽ അതെല്ലാം കേൾക്കുകയും അവയ്ക്ക് പരിഹാരം ഉണ്ടാക്കുകയും ചെയ്യും. അതല്ലാതെ എവിടെയെങ്കിലും ആളുകൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങൾ ഒന്നും എടുക്കുകയില്ല. അഥവാ ഒന്നോ രണ്ടോ വീടുകൾ എടുക്കേണ്ടിവന്നാൽ അവരേയും റീഹാബിലിറ്റേറ്റു ചെയ്യും. അതിന്റെ പ്രൊവിഷനും ഹൗസിംഗ് ബോർഡിനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർക്ക് ആശങ്കയുണ്ടാകേണ്ട ആവശ്യമില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

(2) വീട് കത്തിനശിച്ച മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം ചെയ്യുന്നത് സംബന്ധിച്ച്

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, ഇന്നലത്തെ ശ്രദ്ധ ക്ഷണിക്കലിന് ഇന്നു മറുപടി പറയാമെന്നു പറഞ്ഞിരുന്നു. 400 ഓളം മൽസ്യബന്ധന തൊഴിലാളികളുടെ വീടുകൾ 17-2-78-ൽ കത്തിനശിച്ചതിന് ആശ്വാസ നടപടികൾ സ്വീകരിക്കാനായി 25-3-78-ൽ ഗവൺമെന്റ് 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക 7-5-74-ലെ ഗവൺമെന്റ് ആർഡറിലെ വ്യവസ്ഥകൾ അനുസരിച്ചായിരിക്കണം എന്നും അറിയിച്ചിരുന്നു. എന്നാൽ ഈ സംഭവം നടന്നത് ഫിഷർമെൻ വെൽഫെയർ കോർപ്പറേഷന്റെ പ്രവർത്തനം യഥാർത്ഥത്തിൽ ആരംഭിക്കുന്നതിനു മുൻപായിരുന്നു. അതേസമയത്ത് ജില്ലാ കളക്ടറും ഫിഷറീസ് ഡയറക്ടറും മുൻകൂട്ടി നടപടിയെടുത്തു കഴിഞ്ഞിരുന്നു. വീട് കത്തിനശിച്ച 349 മൽസ്യത്തൊഴിലാളികൾക്ക് നേരിട്ട നഷ്ടം കണക്കിലെടുത്തുകൊണ്ട് 50 രൂപ മുതൽ 3000 രൂപവരെ ധനസഹായം നൽകി. 2,70,577 രൂപ സഹായധനം നൽകുകയുണ്ടായി. അതുപോലെതന്നെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് 5 കിലോഗ്രാം വീതം നൈലോൺ നൂൽ 468 മൽസ്യത്തൊഴിലാളികൾക്ക് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. ഈ റിപ്പോർട്ട് ഫിഷർമെൻ വെൽഫെയർ കോർപ്പറേഷനും ലഭിക്കുകയുണ്ടായി. ഫിഷർമെൻ റിലീഫ് ഫണ്ട് റൂൾസ് അനുസരിച്ച് വീട് നശിച്ചവർക്ക് പരമാവധിസഹായം 100 രൂപയാണ്. വല നശിച്ച ആർക്കുംതന്നെ ധനസഹായം നൽകണമെന്നുമില്ല.

മേൽ പ്രസ്താവിച്ചതുപോലെ സാധാരണയിൽ കവിഞ്ഞ കാര്യമായ സഹായം ലഭിച്ചു കഴിഞ്ഞതിനാൽ ഫിഷർമെൻ റിലീഫ് ഫണ്ടിൽനിന്ന് ഇനിയും ഇതിനുപരിയായി ധനസഹായം ലഭിക്കാൻ അർഹതയില്ലാത്തതുകൊണ്ടാണ് കോർപ്പറേഷൻ തുക വിതരണം ചെയ്യാതിരുന്നത്. ഈ നിലപാട് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക മേൽ പ്രസ്താവിച്ച കാരണത്താൽ ഇതുപോലെയുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്. 3-4-79-ൽ ബഹുമാനപ്പെട്ട മെമ്പറുടെ ഒരു ചോദ്യത്തിനുത്തരമായി ഈസംഗതി വ്യക്തമാക്കിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly